**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3926** **09-10-2025 - ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനായി നിലവിൽ പ്രവർത്തിക്കുന്ന സർക്കാർ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ യുവജനങ്ങളുടെ ക്ഷേമത്തിനായി നിലവിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**കേരള സംസ്ഥാന യുവജന കമ്മീഷൻ**<br><br>കേരള സംസ്ഥാന യുവജന കമ്മീഷൻ സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിച്ചു വരുന്നു.<br><br>കോളേജുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ വിവിധ ഇടങ്ങളിൽ യുവജനങ്ങൾക്കുള്ള ബോധവത്ക്കരണ പരിപാടികൾ, അദാലത്തുകൾ (ജില്ലാതല അദാലത്തുകൾ, മെഗാ അദാലത്തുകൾ), കോളേജുകളിലും, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, തീരദേശ മേഖലകളിലും ആരോഗ്യ ക്യാമ്പ് ,ആയോധനകല പരിശീലനം, യുവജനങ്ങൾക്കുള്ള സൗജന്യ നിയമ സഹായം 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ', ഗ്രീൻ യൂത്ത് പദ്ധതി, യുവകർഷക സംഗമം, ജോബ് ഫെസ്റ്റുകൾ, സ്ത്രീധനത്തിനെതിരെയും ലഹരിയ്ക്കെതിരെയും ബോധവൽക്കരണ ക്യാമ്പെയിൻ എന്നിവ നടത്തി വരുന്നു.<br><br>**കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്**<br><br>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആസ്ഥാനം മന്ദിരം തിരുവനന്തപുരത്തും 14 ജില്ലകളിലായി ജില്ലാ യുവജനകേന്ദ്രങ്ങളും രണ്ട് സാഹസിക അക്കാഡമികളും പ്രവർത്തിച്ചു വരുന്നു.<br><br>**രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി (RAGAAT)** |

| | | | |
|---|---|---|---|
| | | | RAGAAT സംസ്ഥാനത്തെ ഏക പൈലറ്റ് പരിശീലനം നൽകുന്ന സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനമാണ്. ഇവിടെ Commercial Pilot Licence (CPL) കോഴ്സ് ഏറ്റവും കുറഞ്ഞ ഫീസിൽ യുവജനങ്ങൾക്ക് നൽകുന്നു. പരിശീലനത്തിന് ശേഷം തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിലും കരിയർ ഗൈഡൻസിലും മാർഗനിർദ്ദേശം നൽകുന്നു. പരിശീലനത്തിനിടെ മാനസിക സമ്മർദ്ദം നേരിടുന്നവർക്കായി കൗൺസിലിംഗ് സേവനവും നൽകുന്നു. |
| (ബി) | യുവജനങ്ങൾക്കിടയിലെ ലഹരി ഉപയോഗം, അക്രമവാസന എന്നിവ വർദ്ധിച്ചതിനുള്ള കാരണങ്ങൾ കണ്ടെത്താനായി സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പഠനത്തിന്റെ നിഗമനങ്ങളും നിർദേശങ്ങളും എന്തെല്ലാമാണ്; | (ബി) | യുവജനങ്ങൾക്കിടയിലെ ലഹരി ഉപയോഗം, അക്രമവാസന എന്നിവ വർദ്ധിച്ചതിനുള്ള കാരണങ്ങൾ കണ്ടെത്താനായി നടത്തിയിട്ടുള്ള പഠനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>കേരള സംസ്ഥാന യുവജന കമ്മീഷൻ</u>**<br><br>യുവജനങ്ങൾക്കിടയിലെ ലഹരി ഉപയോഗം വർദ്ധിച്ചതിനുള്ള കാരണങ്ങൾ കണ്ടെത്താനായി കേരള സംസ്ഥാന യുവജന കമ്മീഷൻ പഠനം നടത്തിയിട്ടുണ്ട് .തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച് കമ്മീഷൻ തയ്യാറാക്കിയ Mental Health of Youth at Work എന്ന പേരിൽ ഉള്ള പഠന റിപ്പോർട്ട് പ്രകാരം തൊഴിലിടത്തിലെ മാനസിക സമ്മർദ്ദം നേരിടുന്നതിനായി ലഹരിയുടെ ഉപയോഗം യുവജനങ്ങൾ ക്കിടയിൽ കൂടി വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം, ലഹരി എന്നിവയുടെ ഉപയോഗം തടയുന്നതിനാവശ്യമായ ബോധവത്ക്കരണ പരിപാടികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും കോളേജുകളിലും. മറ്റ് വിദ്യാഭാസ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ, വായനാശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും കമ്മീഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ ലഹരിക്കെ തിരെ ബോധവൽകരണ ക്യാമ്പയിൻ, കലാജാഥ, നിയമപരമായ സഹായം, കൗൺസലിംഗ് / ഹ്രസ്വ ചിത്രമത്സരം എന്നിവയും സംഘടിപ്പിച്ചു വരുന്നു. മദ്യം, മയക്കുമരുന്ന് ഉപയോഗം പോലുള്ള സാമൂഹ്യ വിപത്തുകൾക്കെതിരെ ജില്ലകൾ കേന്ദ്രീകരിച്ച് യുവജന ജാഗ്രതാ സമിതികൾ രൂപീകരിച്ച് കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിപുലമായ രീതിയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. എല്ലാ ജില്ലകളിലും ജില്ലയിലെ |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥി- യുവജന സംഘടനാ പ്രതിനിധികൾ, സർവ്വകലാശാല, കോളേജ് യൂണിയൻ ഭാരവാഹികൾ, നാഷണൽ സർവീസ് സ്കീം, എൻ.സി.സി പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് ജില്ലാതലത്തിൽ ജാഗ്രതാസഭ യോഗം സംഘടിപ്പിക്കുന്നത്.<br><br>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന യുവജനങ്ങൾക്കിടയിൽ ലഹരി വിരുദ്ധ ക്യാമ്പയിനുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച പരിപാടികളുടെയും ഭാവി പ്രവർത്തനങ്ങളുടേയും വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | യുവജനങ്ങൾക്കിടയിലെ ലഹരി ഉപയോഗവും അക്രമവാസനയും നിയന്ത്രിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | യുവജനങ്ങൾക്കിടയിലെ ലഹരി ഉപയോഗം, അക്രമവാസന എന്നിവ വർദ്ധിച്ചതിനുള്ള കാരണങ്ങൾ കണ്ടെത്താനായി നടത്തിയിട്ടുള്ള പഠനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>കേരള സംസ്ഥാന യുവജന കമ്മീഷൻ</u>**<br><br>യുവജനങ്ങൾക്കിടയിലെ ലഹരി ഉപയോഗം വർദ്ധിച്ചതിനുള്ള കാരണങ്ങൾ കണ്ടെത്താനായി കേരള സംസ്ഥാന യുവജന കമ്മീഷൻ പഠനം നടത്തിയിട്ടുണ്ട് .തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച് കമ്മീഷൻ തയ്യാറാക്കിയ Mental Health of Youth at Work എന്ന പേരിൽ ഉള്ള പഠന റിപ്പോർട്ട് പ്രകാരം തൊഴിലിടത്തിലെ മാനസിക സമ്മർദ്ദം നേരിടുന്നതിനായി ലഹരിയുടെ ഉപയോഗം യുവജനങ്ങൾ ക്കിടയിൽ കൂടി വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം, ലഹരി എന്നിവയുടെ ഉപയോഗം തടയുന്നതിനാവശ്യമായ ബോധവത്ക്കരണ പരിപാടികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും കോളേജുകളിലും. മറ്റ് വിദ്യാഭാസ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ, വായനാശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും കമ്മീഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ ലഹരിക്കെ തിരെ ബോധവൽകരണ ക്യാമ്പയിൻ, കലാജാഥ, നിയമപരമായ സഹായം, കൗൺസലിംഗ് / ഹ്രസ്വ ചിത്രമത്സരം എന്നിവയും സംഘടിപ്പിച്ചു വരുന്നു. മദ്യം, മയക്കുമരുന്ന് ഉപയോഗം പോലുള്ള സാമൂഹ്യ വിപത്തുകൾക്കെതിരെ ജില്ലകൾ കേന്ദ്രീകരിച്ച് യുവജന ജാഗ്രതാ സമിതികൾ രൂപീകരിച്ച് കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിപുലമായ രീതിയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | നടത്തി വരുന്നു. എല്ലാ ജില്ലകളിലും ജില്ലയിലെ വിദ്യാർത്ഥി- യുവജന സംഘടനാ പ്രതിനിധികൾ, സർവ്വകലാശാല, കോളേജ് യൂണിയൻ ഭാരവാഹികൾ, നാഷണൽ സർവീസ് സ്കീം, എൻ.സി.സി പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് ജില്ലാതലത്തിൽ ജാഗ്രതാസഭ യോഗം സംഘടിപ്പിക്കുന്നത്.<br><br>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന യുവജനങ്ങൾക്കിടയിൽ ലഹരി വിരുദ്ധ ക്യാമ്പയിനുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച പരിപാടികളുടെയും ഭാവി പ്രവർത്തനങ്ങളുടേയും വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

## ലഹരി വിരുദ്ധ ക്യാമ്പയിനുമായി ബന്ധപ്പെട്ട് യുവജന ക്ഷേമ ബോർഡ് സംഘടിപ്പിച്ച പരിപാടികൾ

- NO TO DRUGS എന്ന മുദ്രാവാക്യം ഉയർത്തി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പങ്കാളികളായിട്ടുണ്ട്.

**1) ജനസഭ**

- 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി 'ജനസഭ' എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. മന്ത്രിമാർ, എംഎൽഎ മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി.

**2) കൂട്ടയോട്ടം**

- ഒക്ടോബർ 23 ന് 14 ജില്ലാ കേന്ദ്രങ്ങളിലും വിപുലമായ കൂട്ടയോട്ടം സംഘടിപ്പിച്ചു. വ്യത്യസ്ത മേഖലകളിലെ പ്രഗത്ഭരായ യുവജനങ്ങളും ഈ കൂട്ടയോട്ടത്തിൽ അണിചേർന്നു.

**3) സൈക്കിൾ/ബൈക്ക് റാലി**

- ലോക ലഹരിവിരുദ്ധ ദിനമായ 2022 ജൂൺ 26 ന് 14 ജില്ലാ കേന്ദ്രങ്ങളിൽ യുവജനക്ഷേമ ബോർഡിന് കീഴിലുള്ള ടീം കേരള, യൂത്ത് -യുവ ക്ലബ്, ട്രാൻസ്ജെന്റർ ക്ലബ്, അവളിടം യുവതീ ക്ലബ്ബ് എന്നിവയുടെ പങ്കാളിത്തത്തോടെ മയക്കുമരുന്നിനെതിരായി സൈക്കിൾ/ ബൈക്ക് റാലി സംഘടിപ്പിക്കുകയുണ്ടായി.

**4) ഐ.റ്റി. പ്രൊഫഷണലുകളുടെ ക്യാമ്പയിൻ**

- എറണാകുളം ജില്ലയിലെ ഇൻഫോ പാർക്കിൽ വച്ചും തിരുവനന്തപുരം ടെക്നോ പാർക്കിൽ വച്ചും ലഹരിക്കെതിരായി ഐ.റ്റി. പ്രൊഫഷണലുകളുടെ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. ഐടി ജീവനക്കാരുടെ റാലി, ഗോൾ ചലഞ്ച്, ഫ്ളാഷ് മോബ് എന്നിവ ഈ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു.

**5) ലഹരി വിരുദ്ധ കലാ ജാഥ (ഉയിർപ്പ്)**

- 14 ജില്ലകളിലും സംഘടിപ്പിച്ച ലഹരിക്കെതിരെയായുള്ള കലാജാഥ (ഉയിർപ്പ്) സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലും പര്യടനം നടത്തി. ഓരോ ജില്ലയിലും 20 യുവതികൾ അടങ്ങുന്ന സംഘമാണ് കലാജാഥയിൽ ഉണ്ടായിരുന്നത്. ഈ കലാജാഥയിൽ തെരുവ് നാടകം, തെരുകൂത്ത്, ഫ്ളാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവ ഉൾപ്പെടുത്തിയിരുന്നു. ഓരോ നിയമസഭാമണ്ഡലങ്ങളിലും സ്കൂൾ, കോളേജ്, പൊതു ഇടങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ആകെ 420 കേന്ദ്രങ്ങളിൽ പരിപാടികൾ സംഘടിപ്പിച്ചു.

**6) സിനിമാ നിർമ്മാണ ശിൽപശാല**

- സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരെയായി തിരുവനന്തപുരത്തുള്ള കരിമഠം കോളനി, ചെങ്കൽചൂള കോളനി (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാർക്കായി Real to Reel എന്ന പേരിൽ ഒരാഴ്ച നീണ്ടു നിന്ന സിനിമാ നിർമ്മാണ ശിൽപശാല സംഘടിപ്പിച്ചു. ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രം നിർമ്മിച്ചിട്ടുണ്ട്.

**ഭാവി പ്രവർത്തനങ്ങൾ**

- ജൂൺ 26 ലഹരി വിരുദ്ധ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിലെ സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്യാമ്പയിനുകൾ, സെമിനാറുകൾ, ലഹരി വിരുദ്ധ പ്രതിജ്ഞ, മറ്റ് അനുബന്ധ പരിപാടികൾ എന്നിവ ജില്ലകൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്നതാണ്. കൂടാതെ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ഏതെങ്കിലും ഒരു ജില്ലയിൽ വച്ച് സംഘടിപ്പിക്കുന്നതാണ്.
- സംസ്ഥാന യുവജനക്ഷേമ ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ യുവജന ക്ലബ്ബുകളുടെ നേതൃത്വത്തിൽ ലഹരിക്കെതിരെ ബോധവൽക്കരണ ക്യാമ്പയിൻ ഭാവിയിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.
- മയക്കുമരുന്നിനെതിരെ അവബോധം ഉണ്ടാക്കുന്നതിനായി സംസ്ഥാനാടിസ്ഥാനത്തിൽ ബോധവൽക്കരണ യാത്ര സംഘടിപ്പിക്കാവുന്നതാണ്.
- മൊബൈൽ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധമുളവാക്കുവാൻ സ്കൂൾതലത്തിൽ ബോധവൽക്കരണ ക്ലാസുകളും, ശിൽപശാലകളും സംഘടിപ്പിക്കാവുന്നതാണ്.
- കൗമാരപ്രായക്കാരായ കുട്ടികളിൽ കണ്ടുവരുന്ന അക്രമവാസനങ്ങളെ തടയുന്നതിനായി കൗൺസിലിംഗ് പ്രോഗ്രാം സംഘടിപ്പിക്കാവുന്നതാണ്.

അനുബന്ധം

# കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

## ലഹരി വിരുദ്ധ ക്യാമ്പയിനുമായി ബന്ധപ്പെട്ട് യുവജന ക്ഷേമ ബോർഡ് സംഘടിപ്പിച്ച പരിപാടികൾ

- NO TO DRUGS എന്ന മുദ്രാവാക്യം ഉയർത്തി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പങ്കാളികളായിട്ടുണ്ട്.

**1) ജനസഭ**

- 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി 'ജനസഭ' എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. മന്ത്രിമാർ, എംഎൽഎ മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി.

**2) കൂട്ടയോട്ടം**

- ഒക്ടോബർ 23 ന് 14 ജില്ലാ കേന്ദ്രങ്ങളിലും വിപുലമായ കൂട്ടയോട്ടം സംഘടിപ്പിച്ചു. വ്യത്യസ്ത മേഖലകളിലെ പ്രഗത്ഭരായ യുവജനങ്ങളും ഈ കൂട്ടയോട്ടത്തിൽ അണിചേർന്നു.

**3) സൈക്കിൾ/ബൈക്ക് റാലി**

- ലോക ലഹരിവിരുദ്ധ ദിനമായ 2022 ജൂൺ 26 ന് 14 ജില്ലാ കേന്ദ്രങ്ങളിൽ യുവജനക്ഷേമ ബോർഡിന് കീഴിലുള്ള ടീം കേരള, യൂത്ത് -യുവ ക്ലബ്, ട്രാൻസ്ജെൻഡർ ക്ലബ്, അവളിടം യുവതീ ക്ലബ്ബ് എന്നിവയുടെ പങ്കാളിത്തത്തോടെ മയക്കുമരുന്നിനെതിരായി സൈക്കിൾ/ ബൈക്ക് റാലി സംഘടിപ്പിക്കുകയുണ്ടായി.

**4) ഐ.റ്റി. പ്രൊഫഷണലുകളുടെ ക്യാമ്പയിൻ**

- എറണാകുളം ജില്ലയിലെ ഇൻഫോ പാർക്കിൽ വച്ചും തിരുവനന്തപുരം ടെക്നോ പാർക്കിൽ വച്ചും ലഹരിക്കെതിരായി ഐ.റ്റി. പ്രൊഫഷണലുകളുടെ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. ഐടി ജീവനക്കാരുടെ റാലി, ഗോൾ ചലഞ്ച്, ഫ്ളാഷ് മോബ് എന്നിവ ഈ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു.

**5) ലഹരി വിരുദ്ധ കലാ ജാഥ (ഉയിർപ്പ്)**

- 14 ജില്ലകളിലും സംഘടിപ്പിച്ച ലഹരിക്കെതിരെയായുള്ള കലാജാഥ (ഉയിർപ്പ്) സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലും പര്യടനം നടത്തി. ഓരോ ജില്ലയിലും 20 യുവതികൾ അടങ്ങുന്ന സംഘമാണ് കലാജാഥയിൽ ഉണ്ടായിരുന്നത്. ഈ കലാജാഥയിൽ തെരുവ് നാടകം, തെരുകൂത്ത്, ഫ്ളാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവ ഉൾപ്പെടുത്തിയിരുന്നു. ഓരോ നിയമസഭാമണ്ഡലങ്ങളിലും സ്കൂൾ, കോളേജ്, പൊതു ഇടങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ആകെ 420 കേന്ദ്രങ്ങളിൽ പരിപാടികൾ സംഘടിപ്പിച്ചു.

6) സിനിമാ നിർമ്മാണ ശിൽപശാല

- സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരെയായി തിരുവനന്തപുരത്തുള്ള കരിമഠം കോളനി, ചെങ്കൽചൂള കോളനി (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാർക്കായി Real to Reel എന്ന പേരിൽ ഒരാഴ്ച നീണ്ടു നിന്ന സിനിമാ നിർമ്മാണ ശിൽപശാല സംഘടിപ്പിച്ചു. ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രം നിർമ്മിച്ചിട്ടുണ്ട്.

ഭാവി പ്രവർത്തനങ്ങൾ

- ജൂൺ 26 ലഹരി വിരുദ്ധ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിലെ സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്യാമ്പയിനുകൾ, സെമിനാറുകൾ, ലഹരി വിരുദ്ധ പ്രതിജ്ഞ, മറ്റ് അനുബന്ധ പരിപാടികൾ എന്നിവ ജില്ലകൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്നതാണ്. കൂടാതെ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ഏതെങ്കിലും ഒരു ജില്ലയിൽ വച്ച് സംഘടിപ്പിക്കുന്നതാണ്.
- സംസ്ഥാന യുവജനക്ഷേമ ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ യുവജന ക്ലബ്ബുകളുടെ നേതൃത്വത്തിൽ ലഹരിക്കെതിരെ ബോധവൽക്കരണ ക്യാമ്പയിൻ ഭാവിയിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.
- മയക്കുമരുന്നിനെതിരെ അവബോധം ഉണ്ടാക്കുന്നതിനായി സംസ്ഥാനാടിസ്ഥാനത്തിൽ ബോധവൽക്കരണ യാത്ര സംഘടിപ്പിക്കാവുന്നതാണ്.
- മൊബൈൽ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധമുളവാക്കുവാൻ സ്കൂൾതലത്തിൽ ബോധവൽക്കരണ ക്ലാസുകളും, ശിൽപശാലകളും സംഘടിപ്പിക്കാവുന്നതാണ്.
- കൗമാരപ്രായക്കാരായ കുട്ടികളിൽ കണ്ടുവരുന്ന അക്രമവാസനങ്ങളെ തടയുന്നതിനായി കൗൺസിലിംഗ് പ്രോഗ്രാം സംഘടിപ്പിക്കാവുന്നതാണ്.